മി. സ്പീക്കർ: റൂൾ 50 പരാമർശിക്കുന്നതിനു മുമ്പ് ചെയർ ചില കാര്യങ്ങൾ പറയാൻ വീണ്ടും നിർബന്ധിതനായിരിക്കുകയാണ്. വളരെ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സഭയുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽകൊണ്ടുവരാനും പ്രതിപക്ഷത്തിന്റെ ശബ്ദവും വിമർശനവും സഭയിൽ ഉന്നയിക്കാനും കിട്ടുന്ന ഏറ്റവും നല്ല അവസരമാണ് അടിയന്തരപ്രമേയം. എന്നാൽ തുടർച്ചയായി അടിയന്തരപ്രമേയത്തിന്റെ പരിധിയിൽ വരാത്ത വിഷയങ്ങൾ സഭയിൽ കൊണ്ടുവരുന്ന ഒരു രീതി ആവർത്തിക്കുന്നത് നിർഭാഗ്യകരമാണ്. 02.05.2017-ന് ശ്രീ. എം. ഉമ്മർ, കേരള സ്റ്റേറ്റ് പോലീസ് ചീഫുമായി ബന്ധപ്പെട്ട ഒരു അടിയന്തരപ്രമേയം സഭയിൽ അവതരിപ്പിക്കാൻ അനുമതി തേടി പ്രസംഗിക്കുകയും അത് നമ്മളെല്ലാം വിശദമായി ചർച്ച ചെയ്യുകയും ചെയ്തതാണ്. ഇന്ന് സുപ്രീം കോടതിയുടെ ഉത്തരവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ ഒരു ഭാഗം നാളെ പരമോന്നത നീതിപീഠം പരിഗണനയ്ക്കെടുക്കാൻ പോകുകയാണെന്നാണ് ചെയർ മനസ്സിലാക്കുന്നത്. ഈ സന്ദർഭത്തിൽ സഭയിൽ ഇത്തരമൊരു ചർച്ച അനുകൂലമായോ പ്രതികൂലമായോ കോടതിയെ സ്വാധീനിക്കുന്ന നിലയിൽ നടത്തുന്നത് ഉചിതമായിരിക്കുകയില്ലെന്ന് പ്രതിപക്ഷ നേതാക്കളെ ഞാൻ രാവിലെ

തന്നെ അറിയിക്കുകയുണ്ടായി. അതുകൊണ്ട് ഇക്കാര്യത്തിൽ ചെയറിന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് അടിയന്തരപ്രമേയാവതരണം നടത്തണമെന്നുള്ള നിർബന്ധത്തിൽ നിന്ന് പ്രതിപക്ഷം പിൻവാങ്ങണമെന്നാണ് എന്റെ അഭ്യർത്ഥന.

(ശ്രീ. രമേശ് ചെന്നിത്തല)